Draft #6 of File 34751/AD A3-4/2020/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 16-Feb-2022 01:31 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 34751/AD A3-4/2020/ADMIN തീയതി: 16.02.2022

പ്രിയദർശിനി ഹിൽസ്

## <u>സർക്കുലർ</u>

വിഷയം:- ഭരണകാര്യം - സർവകലാശാലയിലെ താത്കാലിക / ദിവസവേതന ജീവനക്കാരുടെ വേതന വിതരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. യു.ഒ. നം. 1354/AD A1/2022/എം.ജി.യു., തീയതി, 10.02.2022
2. കുറിപ്പ് നം. രജി/01/129/2022 തീയതി, 14.02.2022

സൂചന (1) പ്രകാരം, 15.02.2022 തീയതി മുതൽ ഭരണ / അക്കാദമിക / ധനകാര്യ വിഭാഗത്തിലെ എല്ലാ താത്കാലിക ജീവനക്കാരും രജിസ്ട്രാറുടെ ഓഫീസിലും, പരീക്ഷാ വിഭാഗത്തിലെ ടി വിഭാഗം ജീവനക്കാർ പരീക്ഷാ കൺട്രോളറുടെ ഓഫീസിലും രാവിലെ 9.45 ന് മുൻപായും വൈകിട്ട് 5 മണിക്ക് ശേഷവും നേരിട്ട് ഹാജരായി അവരവരുടെ ഹാജർ രേഖപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, സൂചന (2) പ്രകാരം താത്കാലിക / ദിവസ വേതന ജീവനക്കാരുടെ വേതന വിതരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വേതന വിതരണത്തിനുള്ള ഹാജർ സ്റ്റേറ്റ്മെന്റ് നിലവിൽ സമർപ്പിക്കുന്ന രീതിയിൽ തന്നെ ബന്ധപ്പെട്ട സെക്ഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തി ഭരണ / അക്കാദമിക / ഫിനാൻസ് വിഭാഗങ്ങൾ രജിസ്ട്രാറുടെ ഓഫീസിലും, പരീക്ഷാ വിഭാഗങ്ങൾ പരീക്ഷാ കൺട്രോളറുടെ ഓഫീസിലും സമർപ്പിക്കേണ്ടതാണ്.
2. രജിസ്ട്രാറുടെ / പരീക്ഷാ കൺട്രോളറുടെ ഓഫീസ് ബന്ധപ്പെട്ട ഹാജർ പുസ്തകങ്ങളുമായി ഒത്തുനോക്കി, ടി ഹാജർ സ്റ്റേറ്റ്മെൻറ് മേൽ സാക്ഷ്യപ്പെടുത്തി എഡി.ഡി. സെക്ഷനിലേക്ക് നൽകേണ്ടതാണ്.

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ./സി.ഇ. എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ. /ഐ.റ്റി. സെൽ/സി.എം.എസ്. (വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി.1/2/ഫിനാൻസ് 1/ഓഡിറ്റ് 1/5/ എഡി.ഡി.
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

മഹാത്മാഗാന്ധി സർവകലാശാല, കേരളം

Draft #6 of File 34751/AD A3-4/2020/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 16-Feb-2022 01:31 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം